## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3783

11.11.2019 ൽ മറുപടിയ്ക്ക്

### തിരുവമ്പാടി മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോർജ് എം തോമസ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിലെ മുക്കം, തിരുവമ്പാടി, കോടഞ്ചേരി പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി എന്തു നടപടികളാണ് സ്വീകരിച്ചതെന്നും എത്ര തുകയാണ് ഇതിനായി അനുവദിച്ചതെന്നും വിശദമാക്കുമോ; | (എ) സംസ്ഥാന പ്ലാൻ പദ്ധതിയിലൂടെ ലഭിച്ച തുക ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രിന്റർ, സ്കാനർ, ഫോട്ടോകോപ്പിയർ, ഫർണിച്ചർ തുടങ്ങിയവ വാങ്ങി നൽകിയിട്ടുണ്ട്. തിരുവമ്പാടി പോലീസ് സ്റ്റേഷനിൽ 2017-18 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി Disabled Friendly, Additional Room എന്നിവ നിർമ്മിക്കുന്നതിനായി 4 ലക്ഷം രൂപ വീതം അനുവദിക്കുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കോടഞ്ചേരി പോലീസ് സ്റ്റേഷനിൽ 2018-19 സ്കീമിൽ Disabled Friendly നിർമ്മിക്കുന്നതിനായി 4 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മുക്കം പോലീസ് സ്റ്റേഷന് Smart Police Station പദ്ധതിയിൽ ഉൾപ്പെടുത്തി 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. |

(ബി) മുക്കം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്നും പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ;

(ബി) മുക്കം പോലീസ് സ്റ്റേഷൻ നിർമ്മാണം സ്റ്റേറ്റ് പ്ലാൻ സ്കീം 2018-19 പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ഇതിലേയ്ക്കായി സർക്കാർ 197 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക മുഴുവൽ കോഴിക്കോട് ജില്ലാ പോലീസ് മേധാവി ക്ക് രണ്ടു ഗഡുക്കളായി അനുവദിച്ച് നൽകിയിട്ടുണ്ട്. നിർമ്മാണ നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് ആണ് നിർമ്മാണം ഏറ്റെടുത്തിരിക്കുന്നത്.

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(സി) കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തിന്റെ കൈവശാവകാശവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ കളക്ടറിൽ നിന്നും വ്യക്തത ലഭിക്കുന്ന മുറയ്ക്ക് മുക്കം പോലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ